"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ (സി.ആർ സെൽ) വകുപ്പ്-സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ (SCORE) മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (സി.ആർ സെൽ) വകുപ്പ്

സ.ഉ.(സാധാ) നം.3113/2021/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 18.08.2021.

പരാമർശം:- 1. 22.08.1966-ലെ സ.ഉ(പി) നമ്പർ 344/66/പി.ഡി.

2. ജെ.ഡി-ഐ.എസ്/14/2021-ധന. നമ്പർ കുറിപ്പ്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ സെക്രട്ടേറിയറ്റ്, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ്, എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിങ് (എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യൂ), മോട്ടോർ വെഹിക്കിൾസ്, പോലീസ് എന്നീ വകുപ്പുകൾ ഒഴികെ മറ്റു വകുപ്പുകൾ എല്ലാം തന്നെ മാന്വലായിട്ടാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചു വരുന്നത്. വിവര വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.ടി സോഫ്റ്റ് വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന (www.score.kerala.gov.in) സമർപ്പിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി.പി. ജോയ്
ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner